# പ്രയാണം

## ഡിജിറ്റൽ മാഗസിൻ

### എച്ച് എസ് എസ് ഓഫ് ജീസസ്, കോതാട്



പ്രയാണം

# Table of contents


....................................................................................................2
അവതാരിക....................................................................................................3
എഡിറ്റോറിയൽ ബോർഡ്....................................................................................................4
സന്ദേശം....................................................................................................6
അമ്മതൻ സ്നേഹം....................................................................................................7
പൈതഗോറസ് (580-500 ബി.സി)....................................................................................................11
വില്യം ഷേക്സ്പിയർ....................................................................................................14
സ്നേഹസുഗന്ധം....................................................................................................16
ഡിജിററൽ ചിത്രം....................................................................................................17
കിടനാശിനികൾ - ബദൽ മാർഗങ്ങൾ....................................................................................................20
സയൻസ് ക്വിസ്....................................................................................................21
കടൽ....................................................................................................22
വൈക്കം മുഹമ്മദ് ബഷീർ....................................................................................................23
തത്തകളുടെ അഹങ്കാരം....................................................................................................24
കുഞ്ചൻനമ്പ്യാരും തുള്ളലും....................................................................................................27
നൊമ്പരം....................................................................................................28

# അവതാരിക



സീമ മൈക്കിൾ

അറിവിന്റെ നറുങ്ങുതോടി പൂക്കളുടെയും പൂമ്പാറ്റ കളുടെയും പിന്നാലെ പാറിപ്പറന്ന ബാല്യകാലം. പ്രകൃതിയാകുന്ന പാഠപുസ്തകത്തിൽ നിന്ന് അറിവും ഊർജ്ജവും. തേടുമ്പോൾ സംസ്കാരത്തെ തന്നെയാണ് ഉൾക്കൊള്ളുന്നത്. 'മിന്നുന്നതെല്ലാം പൊന്നല്ല്'എന്ന തിരിച്ചറിവിലേക്കെത്തുന്നു. വാനവികയും നൂല്യങ്ങളും ഉന്നരുന്നു. ഒപ്പം ഇന്ന് സാസ്ത്രം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ കണ്ട് അത്ഭുതപ്പെടാതെ, അതിൽ പങ്കാളികളാകേണ്ടവരാണ് നാം ഓരോരുത്തരും എന്ന കാഴ്ചപ്പാടിൽ വിദ്യാർത്ഥികളിൽ നിറയുന്നു. ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ പ്രോഗ്രാമുകൾ വിദ്യാർത്ഥികൾക്ക് ശാസ്ത്രസാങ്കേതിക മേഖലയിയിലേക്കുള്ള വാതായനങ്ങൾ തുറന്നിടുകയാണ്. കോതാട് ജീസസ്സ് ഹയർ സെക്കൻൻെററി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് 'അംഗങ്ങളൊരുക്കുന്ന മാഗസിൻ ഈ നേട്ടങ്ങളിലൂടെയുളിലൂടെയുള്ള യാത്രയുടെ സമാഹാപ്രയാണംരമാണ്.

# എഡിറ്റോറിയൽ ബോർഡ്



സീമ മൈക്കിൾ




മേരി ലത



ആൻ ഗ്രീന



ആഷ് ലിൻ ജോൺ



ആഷ്ന ഷിബു



ജിനീഷ് ജോസഫ്

# ലിററിൽ കൈററ്സ് അംഗങ്ങൾ

എച്ച് എസ് എസ് ഓഫ്   ജീസസ് ,കോതാട്



# സന്ദേശം



**ഷീബ കെ എം.**

ഹെഡ്മിസ്ട്രസ്

എച്ച് എസ് എസ് ഓഫ്  ജീസസ്  ,കോതാട്

ഹൈടെക് വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിലെ ക്ലാസ്സ്മുറികളിലെല്ലാം കമ്പ്യൂട്ടർ ,പ്രൊജക്റ്റർ എന്നി സംവിധാനങ്ങൾ വന്നുകഴിഞ്ഞു. ഈ ഉപകരണങ്ങളുടെ പ്രവർത്തനങ്ങളും ക്രമീകരണങ്ങളും അധ്യാപകർക്ക് നല്കുന്നതിനോടൊപ്പം തന്നെ , കുട്ടികളെയും ഇതിനു പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച "ലിറ്റിൽ കൈറ്റ്സ് "ഐ ടി ക്ലബ്ബുകൾ വളരെ ഉർജ്ജസ്വലമായി മുന്നേറുകയാണ്. ഹാർഡ്‌വെയർ പരിപാലനത്തിൽ മാത്രമല്ല ,അത്ഉപയോഗിച്ചുള്ള സാങ്കേതികത്വത്തിലും "ലിറ്റിൽ കൈറ്റ്സ് " വിദ്യാർത്ഥികൾ മുന്നേറിക്കഴിഞ്ഞു. അനിമേഷൻ ,പ്രോഗ്രാമിങ് ,ന്യൂസ് മേക്കിങ് തുടങ്ങിയ പ്രക്രിയകളിലൂടെ കടന്നുപോകുന്ന കുട്ടികൾ എന്ത്കൊണ്ടും ഈ ഹൈടെക് യുഗത്തിന് ഒരു മുതൽ കൂട്ടാകുമെന്ന കാര്യത്തിൽ സംശയമില്ല .ഈ ഐ ടി കൂട്ടയ്മയുടെ കൂട്ടായ പ്രവർത്തനം വഴി രൂപപ്പെട്ട 'ഡിജിറ്റൽ മാഗസിൻ 'കുട്ടികളുടെ സർഗ്ഗവാസനയെയും ,സാങ്കേതിക മികവിനെയും പ്രീതിഫലിക്കുന്നതു വഴി പുതിയൊരു സമൂഹ സൃഷിടിക്കുള്ള മുന്നോടിയാവട്ടെ എന്ന പ്രതിക്ഷയോടെ .....

ഷീബ കെ .എം

ഹെഡ്മിസ്ട്രസ്

എച്ച് എസ് എസ്  ഓഫ്  ജീസസ് കോതാട്

# അമ്മതൻ സ്നേഹം



ഏയ്ഞ്ചൽ ശ്രേയ

സ്നേഹത്തിനർ ത്ഥമിത്രയേയുള്ളൂ
അതിത്തിരി ഒത്തിരി വേദനയാ
അമ്മതൻ നെഞ്ചിലെ പ്രാണനുതുല്യമായ്
സ്നേഹിക്കും ഓമന മക്കൾക്കായ്
പൊഴിക്കുമൊരിററ്  കണ്ണീരാണ്
സ്നേഹത്തിനുത്തരം എന്ന് ഞാൻ ഓതുന്നു

പിഞ്ചു ശിശുവിനു നൽകുന്ന സ്നേഹം
അവനെത്രവളർന്നാലും നെഞ്ചിലുണ്ട്
സ്നേഹത്തിനുത്തരം ഒന്നേയുള്ളൂ
അത് അമ്മതൻ സ്നേഹത്തിനുറവയാണ്

അമ്മതൻ  സ്നേഹമാണേറ്റം അതിൽ
എന്നും കത്തിജ്ജ്വലിക്കുന്ന തീഗോളംപോൽ
അതിനുള്ളിലെ ഒരു തിരിയാണു മക്കൾ
അമ്മതൻ  വേരിലുറച്ച തിരി

=========


ENVIRONMENTAL DAY
NATIONAL SERVI
OF JESUS
Let's Protect Our Earth
GOLD

പ്രയാണം

# Little kites Inauguration













H S




CHILDREN'S DAY






പ്രയാണം

# **പൈതഗോറസ്** (580-500 ബി.സി)

ആൻ മരിയ ഷോബി

9 ബി

പുരാതന ഗ്രീസിലെ പ്രശസ്തനായ ഗണിതശാസ്ത്രജ്ഞനും തത്ത്വജ്ഞാനിയുമായിരുന്ന പൈതഗോറസ്. സൗരകേന്ദ്രേരസിദ്ധാന്തം ആവിഷ്ക്കരിച്ച കോപ്പർ നിക്കസിനെ പിന്തങ്ങിയ അദ്ദേഹം ഭൂമിക്ക് ഗോളാകൃതിയാണ്ടെന്നു. ഗ്രഹങ്ങൾക്കെല്ലാം അവരുടെതായ സഞ്ചാരപാതയുണ്ടെന്നു സമർത്ഥിച്ചു. ത്രികോണമിനിയിലെ പ്രധാന സിദ്ധാന്തങ്ങളിലൊന്നായ പൈതഗോറസ് സിദ്ധാന്തം ഇദ്ദേഹത്തിന്റെ സംഭാവനയാണ്.

| | |
|---|---|
| പ്രദേശം | പൈതഗോറസ് |
| ചിന്താധാര | പൈതഗോറിയനിസം |
| പ്രധാന താത്പര്യങ്ങൾ | ഗണീതം ,തത്വചിന്ത,രാഷ്ട്രീയം |
| സ്വാധീനിച്ചവർ | ഥെയിൽസ് |
| സ്വാധീനിക്കപ്പെട്ടവർ | യൂക്ലിഡ്,പ്ലേറ്റോ,കെപ്ലർ |

# ശാസ്ത്രം

- JYOTHIKA, 9 B

സയൻസ് എന്ന വാക്ക് ലാറ്റിൻ ഭാഷയിലെ സയന്റിയ എന്ന പദത്തിൽ നിന്നാണ് നിഷ്പന്നമായിട്ടുള്ളത്. പ്രപഞ്ചത്തെ പറ്റിയുള്ള അറിവ് സ്വരുക്കൂട്ടുകയും പരീഷിച്ചു നോക്കാവുന്ന വിശദീകരണങ്ങളായും പ്രവചനങ്ങളായും ക്രമീകരിക്കുകയും

ചെയുന്ന ഒരു പ്രസ്ഥാ്നമാണ് ശാസ്ത്രം. പുരാതനകാലം മുതൽ തന്നെ അറിവിന്റെ ഒരു മേഖല എഎന്ന നിലയ്ക്ക് സാസ്ത്രം തത്ത്വചിന്തയുമായി അടുത്ത ബന്ധം വച്ചുപുലർത്തുന്നുണ്ട്. ആധുനിക കാലത്തിന്റെ ആദ്യസമയത്ത് "ശാസ്ത്രം" "പ്രകൃതിയുടെ തത്ത്വശാസ്ത്രം" എന്നീ പ്രയോഗങ്ങൾ പരസ്പരം മാറി ഉപയോഗിച്ചിരുന്നു. പതിനേഴാം നൂറ്റാണ്ടോടെ പ്രകൃതിയുടെ

തത്ത്വശാസ്ത്രം (ഇപ്പോൾ ഇതിനെ "നാച്വറൽ സയൻസ്" എന്നാണ് വിളിക്കുന്നത് ) തത്ത്വശാസ്ത്രത്തിന്റെ ഒരു ശാകയാണ് കണക്കാക്കപ്പെട്ടിരുന്നത്. പ്രകൃതി നിയമങ്ങൾ എന്ന പേരിലാണ് ശാസ്ത്ര നിയമങ്ങൾ മുന്നോട്ടു വിച്ചിരുന്നത്. ഭൗതികശാസ്ത്രം, രസതന്ത്രം, ജിയോളജി, ബയോളജി എന്നിവയുടെ പഠനം ഇതിലുൾപ്പെടുന്നു. വില്യം വെവെൽ എന്ന നാച്വറലിസ്റ്റും ദൈവശാസ്ത്രജ്ഞനുമായിരുന്ന ആളാണ് പത്തൊൻപതാം നൂറ്റാണ്ടിൽ ശാസ്ത്രജ്ഞൻ എന്ന പദം ഉപയോഗിച്ചത്. പ്രകൃതിയിൽ നിന്നും അറിവു നേടുന്നവരെ മറ്റു തരത്തിൽ അറിവു തേടുന്നവരിൽ നിന്ന് വേർതിരിക്കാനായിരുന്നു അദ്ദേഹം ഈ പദം ഉപയോഗിച്ചത്.

------------------------

# ശാസ്ത്രത്തിന്റെ ചരിത്രം

18-ാം നൂറ്റാണ്ട് മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ശാസ്ത്രത്തിന്റെ ചരിത്രം പ്രത്യേകിച്ചും ശാരീരികവും ജൈവശാസ്ത്രപരവുമായ ശാസ്ത്രങ്ങൾ, വിജ്ഞാനത്തിന്റെ പുരോഗമനത്തിന്റേതായി പലപ്പോഴും അവതരിക്കപ്പെട്ടു. അടുത്ത കാലത്തെ ചരിത്രപരമായ വ്യാഖ്യാനങ്ങളായ തോമസ് കുഹ്ൻ, ബൗദ്ധിക, സംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ പ്രവണതകളുടെയോ അടിസ്ഥാനത്തിൽ ശാസ്ത്രത്തിന്റെ ചരിത്രം വിവരിക്കാറുണ്ട്. മുമ്പത്തെ ആ ചോദ്യങ്ങൾ ഉൾക്കൊള്ളുവാൻ

ശാസ്ത്രത്തിന്റെ ചിത്രകാരൻമാർ വിശാലമായി ശാസ്ത്രത്തെ നിർവചിച്ചു. പ്രകൃതിയെക്കുറിച്ചുള്ള അന്വേഷകർ സ്വയം "പ്രകൃതി ശാസ്ത്രജ്ഞമാർ" എന്ന് സ്വയം വിശേഷിപ്പിച്ചു. ഈ വ്യാഖ്യാനങ്ങൾ എതിർപ്പിനെ എതിർക്കുന്നു.അവർ സാസ്ത്ര ചരിത്രത്തെ അപകർഷതാത്മകമാതൃകകളുടെ അനായാസമായ ഒരു സംവിധാനമായി ചിത്രീകരിക്കുകയും യഥാർത്ഥ ശാസ്ത്രീയ പുരോഗമാനത്തിലേക്ക് നയിക്കുകയല്ല മറിച്ച് അത് സംഭവിച്ച മിഥ്യ മാത്രമാക്കുകയും ചെയുന്നു.

ദേവിക എം. എസ്

9 B

## വില്യം ഷേക്സ്പിയർ

ലോക ചരിത്രത്തിൽ ഏറ്റവും മഹാനായ എഴുത്തുകാരനും നാടകകൃത്തുമായി കണക്കാക്കപ്പെടുന്ന ഇംഗ്ലീഷ് കവിയാണ് വില്യം ഷേക്സ്പിയർ[26 ഏപ്രിൽ 1564- മരണം 23 ഏപ്രിൽ 1616].

ഇംഗ്ലണ്ടിൻെറ രാഷ്ട്രകവിയെന്നും 'ബാർഡ്' എന്നും ഇദ്ദേഹം അറിയപ്പെട്ടിരുന്നു . 38 നാടകങ്ങളും 154 ഗീതകങ്ങളും ചില കാവ്യങ്ങളും ഇദ്ദേഹത്തിൻേറതായി നമുക്ക് ലഭിച്ചിട്ടുണ്ട്. ജീവിച്ചിരുന്നപ്പോൾ അത്രയൊന്നും പ്രസിദ്ധനായിരുന്നില്ല എങ്കിലും,മരണശേഷം ഇദ്ദേഹത്തിൻെറ പ്രശസ്തി വളരെയധികമായി വർദ്ധിച്ചു. സാഹാത്യ ലോകത്തുപൊതുവേയും ആംഗലേയ സാഹിത്യലോകത്തു പ്രത്യേകിച്ചും ഏറ്റവും കുടുത്തൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള കവിയാണ് ഇദ്ദേഹം. ദുരന്ത നാടകങ്ങളിലും ശുഭാന്ത നാടകങ്ങളിലും ഒരുപോലെ മികവു കാട്ടി. ഷേക്സ്പിയറിൻെറ കൃതികൾ എല്ലാം തന്നെ ലോകത്തിലെ പ്രധാന ഭാഷകളിലേക്ക്പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്ന് മാത്രമല്ല അദ്ദേഹത്തിൻെറ നാടകങ്ങൾ ഇപ്പോഴും ലോകമെമ്പാടും അവതരിക്കപ്പെടുന്നുമുണ്ട്.ലോകത്ത് ഏറ്റവും കുടുതൽ അവതരിക്കപ്പെട്ടിട്ടുള്ളത് ഇദ്ദേഹത്തിൻെറ നാടകങ്ങൾ ആണ് . അതുപോലെതന്നെ അദ്ദേഹത്തിൻെ പല ഉദ്ധരിണികളും ആംഗലേയ ഭാഷയുൾപ്പെടെ പല ഭാഷകളിലും ദൈനംദിന ഉപയോഗത്തിൽ കടന്നു കുടിയിട്ടുണ്ട്.

കിങ്ങ് ലിയർ, ഹാംലൈറ്റ്, മാകബെത്ത് തുടങ്ങിയ അദ്ദേഹത്തിൻെറ നാടകങ്ങൾ ഇംഗ്ലീഷ് ഭാഷയിലെ ഏറ്റവും മികച്ച ദുരന്ത നാടകങ്ങളായാണ് കണക്കാക്കപ്പെടുന്നത്. അദ്ദേഹത്തിൻെറ അവസാന കാലത്ത് റോമാൻസ്സ് എന്ന കുടി പേരുള്ള ഹാസ്യാത്മകമായ ദുരന്തനാടകങ്ങൾ എഴുതൈും മറ്റ് നാടകകൃത്തുക്കളുമായി സഹകരിച്ച് എഴുതുകയും ചെയ്യുകയും ചെയ്തു.

പ്രയാണം

അദ്ദേഹത്തിൻെറ പലക്കളും ജീവിതകാലത്ത് തന്നെ പല ഗുണനിലവാരത്തിലും കൃത്യതയിലുംപ്രസിദ്ധീകരിക്കുകയു

.ണ്ടായി.1623-ൽ ഷേക്സ്പിയറുടെ രണ്ട് മുൻകാല നാടകപ്രവർത്തകർ അദേഹത്തിൻെറ കൃതികളുടെ ഒരു സമാഹാരം പ്രസിദ്ധികരിച്ചു. ഇതിൽ രണ്ടെണ്ണമൊഴികെയുള്ള എല്ലാ നാടകങ്ങളും അദ്ദേഹത്തിൻേറതായിത്തന്നെയാണ് ഇന്നും കണക്കാക്കുന്നത്.

ഷേക്സ്പിയറുടെ ജീവിതകാലത്തുതനെ അദ്ദേഹം വളരെ ബഹുമാനിക്കപ്പെട്ടിരുന്ന

ഒകവിയും നാടകകൃത്തുമായിരുന്നെങ്കിലും പത്തൊൻപതാം നൂറ്റാണ്ടിലാണ്

അദ്ദേഹത്തിൻെറ പ്രശ്സതി ഇന്നത്തെ നിലയിലേക്ക് ഉയർന്നത്.

റൊമാൻെറിക്കകൾ ഇദ്ദേഹത്തെ ഒരു അത്ഭുത പ്രതിഭയായിക്കണക്കാക്കിയിരുന്നു.

വിക്ടോറിയൻ ആകട്ടെ ഷേക്സ്പിയറെ ഒരു താരാരാധയോടെ നോക്കിക്കണ്ടു.

പരിഹാസപൂർവ്വം ബാൻഡാഡ് ഷ അതിനെ ബാർഡൊലേറ്ററി എന്ന്

വിളിക്കുകയും ചെയ്തു.



# സ്നേഹസുഗന്ധം



-LATHA

പ്രളയദിനങ്ങൾക്കു ശേഷം ആദ്യമായി വിദ്യാലയത്തിലെത്തിയ ദിവസം..സ്വന്തമെന്നു കരുതിയിരുന്ന പലതും നഷ്ടമായി. ആരോ കൊടുത്ത പൂക്കളുള്ള ഉടുപ്പുമിട്ടു സ്നേഹ സ്കൂളിലെത്തി. എല്ലാവരും യൂണിഫോം ധരിച്ചിരിക്കുന്നു. സങ്കടം തോന്നി. തന്റെപോലെ 3-4 കുട്ടികൾ കൂടിയുണ്ട് , പക്ഷെ , അവർക്ക് ബാഗും ബുക്കും ഒക്കെയുണ്ട്. മടിച്ചു മടിച്ചു ക്ലസ്സിലേക്കു കയറി. പ്രളയശേഷം സ്കൂൾ തുറന്നിട്ട് ഒരാഴ്ചയായി. താൻ വരാൻ വൈകി. ടീച്ചർ മറ്റുമുള്ള കുട്ടികൾക്ക് ബാഗും ബുക്കുമൊക്കെ നൽകി.

ബെല്ലടിച്ചു. അതാ ടീച്ചർ വരുന്നു. സ്നേഹക്കുട്ടിയെത്തിയല്ലോ . ആഹ്ലാദത്തോടെ ടീച്ചർ പറഞ്ഞു .എന്നാൽ അവളുടെയുള്ളിൽ സങ്കടം തിങ്ങി. "സ്നേഹക്കുള്ള ബാഗും ബുക്കും എല്ലാം ഇവിടെ എടുത്തു വച്ചിട്ടുണ്ട്. ടീച്ചർ അലമാരയിൽനിന്ന് അവയെടുത്തുകൊണ്ടുവന്നു. "സന്തോഷമായില്ലേ?" ബാഗു കൈമാറിക്കൊണ്ട് ടീച്ചർ ചോദിച്ചു. മുഖത്തു ചിരി വരുത്താൻ നോക്കി. അതൊരാവശ്യമായി പുറത്തേക്കു വന്നു. "ടീച്ചറെ എനിക്കെന്റെ ടെഡി ബെയർ വേണം. പിന്നെ, എന്റെ കുഞ്ഞു തലയിനേം , പഞ്ഞിപ്പുതപ്പും." എന്റെ അമ്മ പിറന്നാളിന് വാങ്ങി തന്നത്." അവൾ കരച്ചിലിന്റെ വക്കത്തെത്തി. ടീച്ചർക്കും സങ്കടം വന്നു. അവളുടെ അമ്മ ഒരപകടത്തിൽ മരിച്ചിട്ട് ഒരുവർഷം തികഞ്ഞിട്ടേയുള്ളു. 'അമ്മ മരിച്ചതിൽ പിന്നെ പഞ്ഞിപ്പുതപ്പിനുള്ളിൽ റെഡ്ഡിയെയും കെട്ടിപ്പിടിച്ചായിരുന്നു അവൾകിടന്നുറങ്ങിയിരുന്നത്. അതൊക്കെയുള്ളപ്പോൾ അമ്മയുടെ തണലിലാണ് എന്നവൾ ആശ്വസിച്ചിരുന്നു. അവൾ കണ്ണ് തുടച്ചു

"സ്നേഹക്കുട്ടിക്ക് അടുത്ത പിറന്നാളിന് ടീച്ചർ ടെഡി ബെയറിനെ വാങ്ങിത്തരാം". അവളെ ആശ്വസിപ്പിക്കുവാൻ ടീച്ചർ പറഞ്ഞു. അവൾ കണ്ണുകളുയർത്തി ടീച്ചറെ നോക്കി. "എനിക്ക് അമ്മയുടെ മണമുള്ള ടെഡി ബെയർ വേണം. " അവൾ പറഞ്ഞു. ഒന്നും മിണ്ടാതെ ടീച്ചർ അവളെ ചേർത്തുപിടിച്ചു. ഒരു നിമിഷം....ടീച്ചർക്കും അമ്മയുടെ സുഗന്ധം...അവൾക്കു തോന്നി.

.

# ഡിജിററൽ ചിത്രം



ഹൈനസ് ടി ഡബ്ല്യൂ



പ്രയാണം

# At OoTy











പ്രയാണം



# കിടനാശിനികൾ - ബദൽ മാർഗങ്ങൾ



ANN GREENA

രാസാകീടനാശിനികളുടെ ദൂഷ്യഫലങ്ങൾ നാം മനസുവച്ചാൽ ഒഴിവാക്കാൻ കഴിയും. വിഷപ്പച്ചക്കറിക്കെതിരെ ജനകിയ പ്രതിരോധമെന്നരീതിയിൽ വിവിധ സംഘടനകുളം,കുട്ടയമാകുളംരംഗത്തിറങ്ങിയത്ഉരെ ആശാജനകമാണ്.ജൈവപച്ചക്കറിക്യഷി പല ജില്ലകളിലും ഗണ്യമായ വളർച്ച നേടിക്കഴിഞ്ഞു. വയനാട്, കാസർഗോഡ്, പാലക്കാട്,കോട്ടയം,തൃശ്ശൂർ എന്നിവിടങ്ങളിലാണ് ഏറെ വളർച്ച നേടിയത്. കീടനിയന്ത്രണം സാധ്യമാക്കാൻ കഴിയുന്ന വളരെ പ്രകൃതി സൗഹൃദമായ മാർഗ്ഗമാണ് സംയോജിത കീടനിയന്ത്രണം . ഇതുമൂലം പല മാരക രോഗങ്ങൾ നിന്നും നമ്മുക് മുക്തി നേടാം .

അടുക്കളത്തോട്ടങ്ങളിൽ കീടങ്ങളെ കൈകൊണ്ടു പിടിച്ചുനശിപ്പിക്കുന്ന രീതി ഫലപ്രദമാണ്. കീടനാശിനികൾക്കായ് പുകയിലക്കഷായം ,വേപ്പിൻകുരുസത്ത്, വേപ്പെണ്ണ എമ്മൽഷൻ എന്നീ ജൈവ കീടനാശിനികൾ ഉപയോഗിക്കം. വലിയ കൃഷിയിടങ്ങളിൽ പഴക്കെണി , വിളക്കുകെണി എന്നിവ ഉപയോഗിച്ച് പഴയീച്ചപോലുള്ളവരെ നശിപ്പിക്കാം . കീടങ്ങളുടെ ആക്രമണം തുടങ്ങുന്നതിനുമുമ്പു തന്നെ കൃത്യമായ ഇടവേളകളിൽ ജൈവ കീടനാശിനികൾ ഉപയോഗിച്ചാൽ കീടങ്ങൾ വളരുകയില്ല. മിത്രകീടങ്ങളുടെ നാശനം തടയുക വഴി കീടനിയത്രണം സാധ്യമാക്കാം. കീടങ്ങളെ ഭക്ഷിക്കുന്ന പ്രകൃതിയിൽ തന്നെയുള്ള ജീവികളാണ് മിത്രകീടങ്ങൾ. അമിത രാസവളപ്രയോഗം ഒഴിവാക്കിയാൽ ഇത്തരം ജീവികളെ നിലനിർത്താം. ആധുനികലോകത്തു അൾട്രാസോണിക് രീതിയിലുള്ള കീടനിയന്ത്രണം, റേഡിയേഷൻ, ഫിറമോൺകെണി തുടങ്ങിയ രീതിയിലുള്ള കീടനിയന്ത്രണം ഇവയുണ്ട്. ഇവ സാധാരണ പാവപ്പെട്ട കർഷകർക്ക് ഇപ്പോൾ അപ്രാപ്യമാണെകിലും ഭാവിയിലേക്ക് ഒരു മുതൽക്കൂട്ടാവുമെന്ന് നമ്മുക്ക് പ്രതീക്ഷിക്കാം. കീടങ്ങളുടെ എണ്ണം നിയന്ത്രിച്ചുകൊണ്ടു പരിസ്ഥിതിക്കു ദോഷം വരാത്ത വിധത്തിലുള്ള സംയോജികീടനിയന്ത്രണമാണ് നമ്മുക്ക് അനിവാര്യമായിട്ടുള്ളത് .

-----------------------------------------------------------------------------

# സയൻസ് ക്വിസ്



**JOJI MANUEL**

**വിറ്റാമിൻ ഏതെന്നു പറയാമോ**

1 . രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന വിറ്റാമിൻ വിറ്റാമിൻ

2 . അരിയുടെ തവിടിൽ ധാരാളമായി അടങ്ങിയിരിക്കുന്ന   വിറ്റാമിൻ

3 . നെല്ലിക്കയിൽ ധാരാളമായി അടങ്ങിയിരിക്കുന്ന വിറ്റാമിൻ

4 . കൊഴുപ്പുകളിൽ ലയിക്കുന്ന വിറ്റാമിൻ

5 . കണ്ണിന്റെ ആരോഗ്യപരിപാലനത്തിനു ആവശ്യമായത്

6 . പ്രത്യുല്പാദന ധർമങ്ങൾക്ക് ആവശ്യമായ വിറ്റാമിൻ

7 . ശരീരത്തിൽ സൂര്യപ്രകാശത്തിന്റെ സഹായത്താൽ നിർമ്മിതമാകുന്ന വിറ്റാമിൻ

8 . എന്തിന്റെ കുറവ് മൂലമാണ് സ്കർവി എന്ന രോഗമുണ്ടാവുന്നതി

9 . ബെറി ബെറി എന്തിന്റെ കുറവ് മൂലം ഉണ്ടാകുന്ന രോഗമാണ് ?

**ഉത്തരങ്ങൾ**

1 . വിറ്റാമിൻ K

2 . വിറ്റാമിൻ B

3 . വിറ്റാമിൻ C

4 . വിറ്റാമിൻ A, D E, K

5 . വിറ്റാമിൻ A

6 . വിറ്റാമിൻ E

7 . വിറ്റാമിൻ D

8 . വിറ്റാമിൻ C

9 . വിറ്റാമിൻ B

# കടൽ



അലീന എസ്കർ

കണ്ണീരാൽ മുങ്ങിയ കടൽ
സന്തോഷത്താൽ തുള്ളിച്ചാടിയ കടൽ
വിഷമങ്ങൾ പറഞ്ഞു തീർക്കാൻ കടൽ
സന്തോഷത്തിൽ എന്നും എന്നും കടൽ
വിഷമത്തിലാശ്വാസമേകു-
മെൻ കടലമ്മ
എന്നും ഞാനെന്റെ സങ്കടങ്ങൾ
കടലിലൊഴുക്കിടും
എന്നും എന്നും മറക്കാനാകാത്ത
എന്റെ സ്വന്തം കടൽ

# വൈക്കം മുഹമ്മദ് ബഷീർ

-ആൻ ഗ്രീന

നമ്മുടെ നവോഥാന കാഥികരിൽ പ്രമുഖനാണ് വൈക്കം മുഹമ്മദ് ബഷീർ. സാധാരണ മനുഷ്യന്റെ സംഭാഷണ ഭാഷയാണ് മനുഷ്യന്റെ അദ്ദേഹം രചനയ്ക്ക് ഉപയോഗിച്ചത്. 1908 ജനുവരി 21 ന്കോട്ടയം ജില്ലയില്ലെ വൈക്കം താലൂക്കിലെ തലയോലപ്പറമ്പിൽ ജനിച്ചു സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം നാടുവിട്ട് കോഴിക്കോട്ടെത്തി. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഭവിച്ചു. പ്രേമലേഖനം, ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, ശബ്ദങ്ങൾ , ആനവാരിയും പൊൻകുരിശും , മതിലുകൾ എന്നിവ പ്രധാന നോവലുകളാണ് . വിശപ്പ്, ഭൂമിയുടെ അവകാശികൾ, വിശ്വവിഖ്യാതമായ മൂക്ക് തുടങ്ങി നിരവധി ചെറുകഥകൾ രചിച്ചു. ബഷീർ എഴുതിയ നാടകമാണ് കഥാബീജം. ഓർമയുടെ അറകൾ ആത്മകഥയാണ്. തീക്ഷ്ണമായ കഥാനുഭവങ്ങളാണ് ബഷീറിനെ ശക്തനായ കഥാകാരനാക്കിയത്. 1994 ജൂലൈ 5 തിയതി മഹാനായ ആ കാഥികൻ കഥാവശേഷനായി. ഏതാനും കൃതികളിലൂടെ ബഷീറിന്റെ കഥാപ്രപഞ്ചത്തിലേക്ക് ശ്രദ്ധിക്കാം .

## പാത്തുമ്മയുടെ ആട് :-

നാട്ടിലെ ഇടത്തരം കുടുംബങ്ങളിൽ നടക്കുന്ന ചില കാര്യങ്ങൾ നർമ്മത്തിൽ പൊതിഞ്ഞ് തന്റെ കുടുംബത്തെ പശ്ചാത്തലമാക്കി ,'പാത്തുമ്മയുടെ ആട്' എന്ന കൃതിയിലൂടെ ബഷീർ അവതരിപ്പിക്കുന്നു.

## ഭൂമിയുടെ അവകാശികൾ:-

ഭൂമിയിലെ എല്ലാ ജീവികളെയും മനുഷ്യനൊപ്പം കാണുകയും അവയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്ന സന്ദേശം ഫലിത രസികതയോടെ പറയുന്ന കഥയാണ് ഭൂമിയുടെ അവകാശികൾ .

## ഒരു മനുഷ്യൻ :-

നമുക്കു ചുറ്റും നല്ലയാളുകളും ചീത്തയാളുകളുമുണ്ട് കള്ളന്മാരും ക്രൂരന്മാരും പോക്കറ്റടിക്കാരനും ഒക്കെയുണ്ടാകും. ആരെ കഥയിലവതരിപ്പിച്ചാലും അവരിൽ സ്നേഹവും മനുഷ്യത്വവും നിക്ഷേപിക്കാൻ ബഷീർ ശ്രദ്ധിക്കാറുണ്ട്. ഒരു മനുഷ്യൻ എന്ന കഥയിലെ പോക്കറ്റടിക്കാരൻ അത്തരമൊരാളാണ് .

പ്രയാണം

പിറന്ന മണ്ണിന്റെ സ്വാതന്ത്ര്യം അതിയായി ആഗ്രഹിച്ച ബഷീർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത അനുഭവങ്ങൾ വിഷയമാക്കി എഴുതിയ കഥയാണ് അമ്മ. ഭൂമിയിലെ സർവജീവജാലങ്ങളിലും സ്നേഹത്തിന്റെ സമത്വവും മഹത്വവും ദർശിച്ച കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ .

==================================

# തത്തകളുടെ അഹങ്കാരം





***ജിനീഷ് ജോസഫ്***

*പണ്ടൊരിടത്ത് സുഗന്ധപുരം എന്നൊരു നടുണ്ടായിരുന്നു. അവിടത്തെ രാജാവായിരുന്നു സുഗന്ധസേനൻ നാടുനിറയെ പൂച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിൽ അതീവശ്രദ്ധാലുവായിരുനിന്ന അദ്ദേഹം. അല്ലിയും മല്ലിയും പാരിജാതവും ചെമ്പകവും റോസുമൊക്കെ അവിടെ പൂത്തുലഞ്ഞു നിന്നിരുന്നു. എപ്പോഴും സുഗന്ധം നിറഞ്ഞുനിൽക്കുന്ന നാടായതുക്കൊണ്ടാണ് അതിന് സുഗന്ധപുരം എന്നു പേരുവന്നത്. പൂക്കളോട് മാത്രമല്ല; പക്ഷികളോടും പൂസാറ്റകളോടുമെല്ലാം സുഗന്ധ സേനരാജാവിന് നല്ല് ഇഷ്ടമായിരുന്നു. മരതകനിറമുള്ള പന്ത്രണ്ടുതത്തകളെ അദ്ദേഹം തന്റെ കൊട്ടാരത്തിൽ ഓമതിച്ച വളർത്തിയിരുന്നു.*

*എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ; സുഗന്ധസേനന്റെ തത്തകൾ മാഹാ അഹംഭാവികളും തെമ്മാടികളുമായിരുന്നു. പക്ഷിലോകത്തിലെ ഏറ്റവും വലിയ സുന്ദരന്മാർ തങ്ങളാണെന്നായിരുന്നു അവരുടെ വിചാരം. സുഗന്ധപുരത്തേക്ക് കടന്നുവരുന്ന മറ്റു പക്ഷികളെയെല്ലാം ഈ കുറുമ്പൻതത്തകൾ കൊത്തിയോടിക്കുകയും ഉപദ്രവിക്കുകയും ചെയ്തുകൊണ്ടിരുന്നു.*

*"നാട്ടുവാഴുന്ന പൊന്നുതിരുമേനിക്കും ഇവിടത്തെ പുന്നാരരാജകുമാരിക്കും ഞങ്ങളോടു മാത്രമാണ് ഇഷ്ടം. വേറെ ഒരൊറ്റ പക്ഷിയെയും ഞങ്ങൾ സുഗന്ധപുരത്തേക്ക് കടത്തുകയില്ല". തത്തകൾ വാശിപിടിച്ചു. ഇതിനിടയിലാണ് ഒരു ദിവസം മധുരമായി പാട്ടുപാടി കറുകറുത്ത ഒരു പക്ഷി അതുവഴി പറന്നുവന്നത്. ആ പക്ഷിയുടെ പാട്ടു കേട്ട് സുഗന്ധപുരത്തെ പൂക്കളും, പൂച്ചെടികളും കോരിത്തരിച്ചു. സുഹന്ധസേനരാജാവിന്റെ മകൾ സുഗന്ധറാണിയും തൊഴിമാരും ആ പാട്ടുകേൾക്കാൻ ഓടി പുറത്തിറങ്ങി സുഗന്ധറാണി പറഞ്ഞു"ഹായ്, എന്തൊരുസം..........!എന്തൊരു ഈണം...........! എന്തൊരു കുളിർമയുള്ള പാട്.........! എവിടെയാണ് ആ പക്ഷി ?"-അവർ നാലുപാടും നോക്കി.*

*പക്ഷെ എത്ര തിരഞ്ഞിട്ടും അവർക്കതിനെ കണ്ടെത്താൻ കഴിഞ്ഞില്ല. ഇതിനിടയിലാണ് പൂത്തുലഞ്ഞ ചെടികൾകിടയിൽ നിന്ന് ആ പക്ഷിയുടെ ദീനസ്വരം കേട്ടത്: "അയ്യോ! എന്നെ കൊത്തരുത് ഞാനൊരു പാവമാണ്. നിങ്ങൾക്കിഷ്ടമല്ലെങ്കിൽ ഞാനിവിടെനിന്നു പൊയ്ക്കോള്ളാം: കൂ.....! കൂ.......!"*
*സുഗന്ധറാണിയും തോഴിന്മാരും അവിടേയ്ക്ക് ഓടിച്ചെന്നു. അപ്പോഴെന്താ? തത്തകളെല്ലാം കൂട്ടം ചേർന്ന് ആ സാധുപ്പക്ഷിയെ കൊത്തിപ്പറിക്കുകയാണ്.*


*" കറുകറമ്പാ,കടന്നുപോ....! വൃത്തികെട്ട നിന്നെ കണ്ടാൽ ഞങ്ങളുടെ രാജകുമാരികോപിക്കും. ങ്ും വേഗം പൊയ്ക്കോ....!" കൊത്തേറ്റ് പിട്ക്കുമ്പോഴും ആ പാവം പക്ഷി പാടിക്കൊണ്ടേയിരുന്നു. "കൂ...! കൂ....!" ഈ രംഗം കണ്ട് സുഗന്ധറാണി വല്ലാതെ കോപിച്ചു: " തെമ്മാടിതത്തകളെ, എന്ത് അനിതീയാണ് നിങ്ങളീ ചെയ്യുന്നത് ?"*

"പൊന്നുരാജകുമാരീ, കണ്ടാൽ അറപ്പുതോന്നുന്ന ഈ കറുകറുമ്പൻ നമ്മുടെ സുഗന്ധപുരം അശുദ്ധമാക്കാൻ വന്നിരിക്കുകയാണ്"- തത്തകളുടെ തലവൻ പറഞ്ഞു.

"നിങ്ങൾ പറയുന്നത് ശരിയല്ല, വസന്തം വന്നുവെന്ന് നമ്മെ വിളിച്ചറിയിക്കുന്ന പാവം കരിങ്കുയിലാണിത്. കുയിലിന്റെ പാട്ടു കേട്ടാൽ പൂമൊട്ടുകൾ താനേവിരിയും: പൂവുകൾ മെല്ലെ ചാഞ്ചാടി രസിക്കും! പുറം കറുത്തവനെങ്കിലും ഇവന്റെ അകം വെളുത്തതാണ്." സുഗന്ധറാണി തത്തകളെ അറിയിച്ചു.

ഇതു കേട്ടതോടെ തത്തകൾ നാണിച്ചു തലതാഴ്ത്തി. പിന്നെ ഒരക്ഷരം പോലും മിണ്ടാൻ അവർക്കു കഴിഞ്ഞില്ല. സുഗന്ധറാണി പറഞ്ഞു: "ഇനിമേൽ ഈ കരിക്കുയിൽ ഇവിടെത്തന്നെ ഉണ്ടാകണം. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പക്ഷി എന്നും ഒരലങ്കാരമായിരിക്കും തീർച്ച."

പിന്നെ ആ തത്തകൾ ആ കരിക്കുയിലിനെ ഉപദ്രവിച്ചിട്ടില്ല. അവരുടെ അഹങ്കാരം പറപറന്നു! കുയിലിന്റെ കുകുരവം എല്ലായ്പ്പോഴും സുഗന്ധപുരത്തിന് മധുരം പകർന്നുകൊണ്ടിരുന്നു.



# കുഞ്ചൻനമ്പ്യാരും തുള്ളലും



ആഷ് ലിൻ ജോൺ

തുള്ളൽ പ്രസ്ഥാനത്തിൻെറയും തുള്ളൽ സാഹിത്യത്തിൻെറയും ഉപജ്ഞാതാവാണ് കുഞ്ചൻനമ്പ്യാർ. 18-ാം നൂറ്റാണ്ടിൽ പാലക്കാട്ട ജില്ലയിലെ ലക്കിടിക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലത്ത് ജനിച്ചു. പുരാണങ്ങളിൽ നിന്നും ഇതിവ്രുത്തം സ്വീകരിച്ച് ഫലിത-പരിഹാസങ്ങളുടെ അകമ്പടിയോടെ തുള്ളൽ ക്രുതികൾ രചിച്ച നമ്പ്യാർ മലയാളത്തിലെ ആദ്യത്തെ ജനകീയ കവിയാണ്

**തുള്ളൽ**

കേരളത്തിലെ പ്രാചീനവും സമ്പന്നവുമായ ഒരു കലാരൂപമാണ് തുള്ളൽ . അനുഷ്ഠാനപരമായ ഒരു നാടൻ കലയാണിത്. തുള്ളൽ മൂന്നുവിധമുണ്ട്- ഓട്ടൻ, ശീതങ്കൻ, പറയൻ, വേഷം, നൃത്തരീതി ,പാട്ടിലെ വൃത്തങ്ങൾ എന്നിവയെ സംബന്ധിച്ച് മൂന്നു തുള്ളലുകളും വിഭജിക്കപ്പെടുന്നു. ഓട്ടൻ തുള്ളൽ ഏതു സമയത്തും അരങ്ങേറാം. ശീതങ്കൻ തുള്ളൽ രാവിലെയും ,പറയൻ തുള്ളൽ വൈകുന്നേരവും നടത്തപ്പെടുന്നു.

########################################

# നൊമ്പരം



ആഷ്ന

ആഴത്തിൽ  കീറി മുറിച്ചു നിങ്ങൾ -
മന്ദിരമൊരുക്കി എനിക്ക് മേലെ
പുഴകൾ പലതു നികത്തി നിങ്ങൾ -
പാലങ്ങൾ പണിതുയർത്തി മുകളിൽ

കുന്നുകളനവധി ഇടിച്ചു നിരത്തി-
വയലുകൾ നികത്തി വീടൊരുക്കി,
കാട് മുഴുവൻ മുടിച്ചു നിങ്ങൾ,
പ്ലാസ്റ്റിക്കിൻ മല വേറെയൊരുക്കി,

മിണ്ടാതെല്ലാം സഹിച്ചു ഞാനും
മടുത്തെനിക്കി  ജീവിതവും,
കണ്ടില്ല നിങ്ങളെൻെറ ദുഃഖം
അഹന്ത മാത്രമുള്ളോരുലകിൽ .


നീറിപ്പുകയുമെൻ മനം കാണാൻ

പ്രയാണം

പഞ്ചഭൂതങ്ങളൊക്കെയെത്തി,
കാറ്റും മഴയും കോളിളക്കവും,
മലവെള്ളത്തിൻ താണ്ഡവനൃത്തം.

പുഴതൻ ഗതിയെ മാറ്റിയൊഴുക്കാൻ
ആവില്ലെന്നോർത്തീടുക നിങ്ങൾ
ഉലകം മുഴുവൻ മാറ്റിമറിക്കാൻ
ആവും ഞങ്ങൾക്കോർക്കുക നിങ്ങൾ

--------------------




നന്ദി